# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4044 　　　　25.06.2018-ൽ മറുപടിക്ക്

## അട്ടപ്പാടിയിൽ ഗർഭിണിയെ മുളങ്കമ്പിൽ കെട്ടി ആശുപത്രിയിലെത്തിച്ച സംഭവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അട്ടപ്പാടിയിൽ ഗർഭിണിയായ ആദിവാസി സ്ത്രീയെ പ്രസവത്തിനായി ആശുപത്രിയിൽ എത്തിക്കുവാൻ മുളകൊണ്ട് കെട്ടിയ മഞ്ചലിൽ കിടത്തി കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ടി വന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പുതൂർ പഞ്ചായത്തിലെ വനമേഖലയ്ക്കകത്ത് ഇടവാണി ഊരിൽ ഉള്ള യുവതിയെ പ്രസവാവശ്യത്തിന് കൊണ്ടുവരാൻ വാഹനം അയച്ചെങ്കിലും, ശക്തിയായ മഴയിൽ പുഴയിൽ വെള്ളം കയറി വഴി ദുർഘടമായതിനെ തുടർന്ന് ജീപ്പ് എത്തിയ ഭൂതിയാർ വരെ ഇവരെ മഞ്ചലിൽ എത്തിക്കുകയും തുടർന്ന് ജീപ്പിൽ ആശുപത്രിയിൽ എത്തിയ്ക്കുകയും ചെയ്തിരുന്നു. |
| ബി) | പി.എം.ജി.എസ്.വൈ.പദ്ധതിയനുസരിച്ച് 9.87 കോടി രൂപ റോഡ് നിർമ്മാണത്തിനായി അനുവദിച്ചിട്ടും ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ടിന്റെ ക്ലീയറൻസ് ലഭിക്കാത്തത് മൂലം റോഡിന്റെ പണി ആരംഭിക്കാത്തതാണ് ഈ ദുസ്ഥിതിക്ക് കാരണമെന്നത് കണ്ടെത്തിയിട്ടുണ്ടോ; | ബി) | പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി പുതൂർ അരളിക്കോണത്തുനിന്നും എടവാണി ഊരിലേയ്ക്ക് 7.221 കി.മീറ്റർ റോഡ് നിർമ്മിക്കുന്നതിനായി 759,51,589/- രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി ആവശ്യമായതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. അനുമതി ലഭ്യമാക്കുന്നതിനായി ഊരുകൂട്ട യോഗങ്ങളുടെ മിനുട്സ്, എസ്റ്റിമേറ്റ് മുതലായ രേഖകളും നിർദ്ദിഷ്ട അപേക്ഷാഫാറത്തിൽ സമർപ്പിക്കുന്നതിന് വേണ്ടി ഗ്രാമ വികസന വകുപ്പിന്റെ പ്രോഗ്രാം ഇംപ്ലിമെന്റിംഗ് യൂണിറ്റിൽ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ ഏൽപ്പിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ പ്രവൃത്തി ആരംഭിക്കുമെന്നാണ് ഗ്രാമ വികസന വകുപ്പിന്റെ പ്രോഗ്രാം ഇംപ്ലിമെന്റിംഗ് യൂണിറ്റ് അറിയിച്ചിട്ടുള്ളത്. |
| സി) | ഇത്തരം സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്തും ഉണ്ടാകുവാനിടയായ സാഹചര്യം പരിശോധിച്ച് അടിയന്തരമായ പരിഹാര നടപടികൾ സ്വീകരിക്കുമോ? | സി) | പരിഹാര നടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ വനമേഖലകളിൽ നാട്ടിൻപുറങ്ങളിലെ പോലെ ഗതാഗത സൗകര്യം ഇല്ലായെന്നുള്ള പരിമിതിയുണ്ട്. |

സെക്ഷൻ ഓഫീസർ